بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝

# ജുമുഅഃ ഖുത്ബ സംഗ്രഹം 03.06.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 20

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ۞ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ۞ اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ۞ اَلرَّحْمٰنِ الرَّحِیْمِ ۞ مٰلِکِ یَوْمِ الدِّیْنِ ۞ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ۞ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ۞ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ۞

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)നെ കുറിച്ചു നടന്നു വരുന്ന അനുസ്മരണത്തോടനുബന്ധിച്ച് ഹദ്റത് ഖാലിദ് ബിൻ വലീദ്(റ), മുസൈലിമ കദ്ദാബിനോട് ചെയ്ത യുദ്ധത്തെ കുറിച്ചും പരാമർശിച്ചിരുന്നു. ഇതിൽ അൻസാറിന്റെ പതാക ഹദ്റത് സാബിത്ത് ബിൻ ഖൈസിന്റെ പക്കലും മുഹാജിരീങ്ങളുടെ പതാക ഹദ്റത് സൈദ് ബ്നു ഖത്താബിന്റെ കയ്യിലുമായിരുന്നു. ഹദ്റത് സൈദ് ബിനു ഖത്താബ് ജനങ്ങളോട് പറഞ്ഞു: ജനങ്ങളേ, ദൃഢമായി ഉറച്ച് നിൽക്കുകയും ശത്രുക്കൾക്കുമേൽ കുതിക്കുകയും മുന്നോട്ട് ഗമിക്കുകയും ചെയ്യുവിൻ. തുടർന്ന് പറഞ്ഞു: അല്ലാഹുവാണെ, അല്ലാഹു അവരെ പരാജയപ്പെടുത്തുന്നതുവരെ അല്ലെങ്കിൽ ഞാൻ അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ ഞാൻ സംസാരിക്കുന്നതല്ല. തുടർന്ന് അദ്ദേഹവും ശഹീദായി. ഹദ്റത് സൈദ് ഇബ്നു ഖത്താബ്(റ)നെ കുറിച്ച് പറയുന്നു: അദ്ദേഹം ഹദ്റത് ഉമർ ഇബ്നു ഖത്താബ്(റ)ന്റെ രണ്ടാനമ്മയുടെ മകനും ആദ്യകാല മുസ്‌ലിമും ആയിരുന്നു. ബദ്റിലും തുടർന്നുള്ള യുദ്ധങ്ങളിലും ഭാഗഭാക്കായിരുന്നു. റസൂലുല്ലാഹ്(സ) ഹിജ്റത്തിനുശേഷം അദ്ദേഹത്തിനും മഅൻ ബിൻ അദിയ്യ് അൻസാരി(റ)ക്കുമിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. രണ്ടുപേരും യമാമ യുദ്ധത്തിലാണ് ശഹീദായത്. യമാമ യുദ്ധത്തിൽ ഹദ്റത് ഖാലിദ്(റ) സൈന്യത്തെ ക്രമീകരിച്ചപ്പോൾ ഒരു ഭാഗത്തിന്റെ സൈന്യാധിപനായി ഹദ്റത് സൈദ് ബിനു ഖത്താബിനെയാണ് നിശ്ചയിച്ചത്. അതുപോലെ ഈ യുദ്ധത്തിൽ മുഹാജിരീങ്ങളുടെ പതാകയും അദ്ദേഹത്തിന്റെ കയ്യിലായിരുന്നു. അദ്ദേഹം പതാകയുമായി മുന്നോട്ട് ഗമിക്കുകയും ശഹീദാകുംവരെ ധീരമായി പോരാടുകയും ചെയ്തു. അങ്ങനെ കൊടി താഴെ വീണുപോയി. സാലിം മൗലാ അബി ഹുദൈഫ(റ) പതാക ഏറ്റെടുത്തു. ഈ യുദ്ധത്തിൽ സൈദ്(റ) മുസൈലിമയുടെ വലംകയ്യും ധീരനും കുതിര സവാരിക്കാരനുമായ റിജാൽ ബിൻ അൻഫുഹയെ വധിക്കുകയുണ്ടായി. ഇദ്ദേഹത്തെ വധിച്ച മറിയം ഹനഫി എന്നയാൾ പിന്നീട് മുസ്‌ലിമായി. ഒരിക്കൽ ഉമർ ഇബ്നു ഖത്താബ്(റ) അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ എന്റെ സഹോദരനെ വധിച്ചിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലയോ അമീറുൽ മുഅ്മിനീൻ അല്ലാഹു എന്റെ കൈകളാൽ സൈദ്(റ)ന് അന്തസ്സ് നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൈകളാൽ എന്നെ നിന്ദ്യനാക്കിയതുമില്ല. അതായത് അദ്ദേഹം ശഹാദത്തിന്റെ മരണമാണ് വരിച്ചത്. ഇപ്പോൾ എനിക്ക് ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചിരിക്കുന്നു. സൈദിന്റെ മരണവാർത്ത ഉമർ(റ)നു ലഭിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: സൈദ് നന്മയിൽ എന്നെ മുൻകടന്നിരിക്കുന്നു. അദ്ദേഹം എന്നെക്കാളും മുന്നേ ഇസ്‌ലാം സ്വീകരിക്കുകയും എനിക്ക് മുമ്പേ ശഹീദാവുകയും ചെയ്തിരിക്കുന്നു. മാലിക് ബിൻ നുവൈറയെ ഹദ്റത് ഖാലിദ് വധിച്ചപ്പോൾ അയാളുടെ സഹോദരൻ മുത്തമിം ബിൻ നുവൈറ തന്റെ സഹോദരൻ മാലികിന്റെ വധത്തെ സംബന്ധിച്ച് കവിത ചൊല്ലുകയുണ്ടായി. അദ്ദേഹത്തിന് സഹോദരനോട് വളരെ സ്നേഹമായിരുന്നു. ഒരിക്കൽ ഹദ്റത് ഉമർ(റ)നെ അദ്ദേഹം കാണാൻ വന്നു. അദ്ദേഹം സഹോദരനെ പറ്റിയുള്ള ശോകഗീതം ഹദ്റത് ഉമറിനെ കേൾപ്പിച്ചപ്പോൾ ഹദ്റത് ഉമർ പറഞ്ഞു: എനിക്കും കവിത ഉണ്ടാക്കാൻ അറിയുമായിരുന്നുവെങ്കിൽ നിങ്ങളെപ്പോലെ ഞാനും എന്റെ സഹോദരൻ സൈദ്(റ)നെ കുറിച്ച് കവിത ചൊല്ലുമായിരുന്നു. അപ്പോൾ മുത്തമിം പറഞ്ഞു: എന്റെ സഹോദരന്റെ മരണം താങ്കളുടെ സഹോദരന്റെ മരണത്തെപ്പോലെ ശഹാദത്തിന്റെ മരണമായിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും എന്റെ സഹോദരനെ കുറിച്ച് സങ്കടപ്പെടുമായിരുന്നില്ല. ഉമർ(റ) പറഞ്ഞു: എന്റെ സഹോദരനെ സംബന്ധിച്ച് താങ്കളെപ്പോലെ മനോഹരമായി മറ്റാരുംതന്നെ അനുശോചിച്ചിട്ടില്ല.

ഹുസൂർ അൻവർ പറഞ്ഞു: ഏതായാലും യുദ്ധത്തെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. മുസൈലിമ കദ്ദാബ് ഇപ്പോഴും ഉറച്ചുനിൽക്കുക തന്നെയാണ്. നിഷേധികൾക്കായി യുദ്ധകേന്ദ്രമുണ്ടാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. മുസൈലിമ വധിക്കപ്പെടാതെ യുദ്ധം അവസാനിക്കുന്നതല്ലെന്ന് ഹദ്റത് ഖാലിദ്(റ) വിശകലനം നടത്തി. അതുകൊണ്ട് ഖാലിദ്(റ) ഒറ്റക്ക് അവർക്കു മുന്നിലേക്ക് വരികയും ഓരോരുത്തരെയായി യുദ്ധത്തിന് വിളിക്കുകയും ചെയ്തു. ചുരുക്കത്തിൽ എതിർക്കാൻ വരുന്നവരെ ഖാലിദ്(റ) വധിക്കുമായിരുന്നു. ഹദ്റത് ഖാലിദ്(റ) മുസൈലിമയെ പോരിന് വിളിച്ചപ്പോൾ (അയാൾ സ്വീകരിക്കുകയും അയാളെ ആക്രമിച്ചപ്പോൾ) അയാളും അയാളുടെ കൂട്ടുകാരും ഓടിപ്പോകുകയും ചെയ്തു.

അപ്പോൾ ഹദ്റത് ഖാലിദ് ജനങ്ങളോട് വിളിച്ചു പറഞ്ഞു: ഓർക്കുക ഇപ്പോൾ ബുദ്ധിമോശം കാണിക്കരുത്; മുന്നോട്ട് ഗമിക്കുവിൻ. ആരെയും രക്ഷപ്പെടാൻ അനുവദിക്കരുത്. അത് കേട്ടപ്പോൾ മുസ്‌ലിംകൾ അവർക്ക്മേൽ കയറി. സ്വഹാബാക്കൾ ഈ യുദ്ധത്തിൽ പ്രകടിപ്പിച്ച അങ്ങേയറ്റത്തെ ക്ഷമക്കും സ്ഥൈര്യത്തിനും തുല്യത കാണാൻ സാധ്യമല്ല. അല്ലാഹു ശത്രുക്കൾക്കെതിരിൽ വിജയം നൽകുംവരെ ശത്രുക്കൾക്കിടയിലേക്ക് തുടർച്ചയായി മുന്നേറികൊണ്ടിരുന്നു. നിഷേധികൾ പുറംതിരിഞ്ഞോടി. മുസ്‌ലിംകൾ അവരെ പിന്തുടരുകയും വധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അവരുടെ കഴുത്തുകളിൽ വാളുകൾ പതിച്ചുകൊണ്ടിരുന്നതിനാൽ നാലുഭാഗത്തും ചുറ്റുമതിൽ ഉണ്ടായിരുന്ന വലിയ ഒരു തോട്ടത്തിൽ അഭയം തേടാൻ അവരെ നിർബന്ധിതരാക്കി. മുസൈലിമയുടെ ഉടമസ്ഥതയിലായിരുന്ന ഈ തോട്ടം രണാങ്കണത്തിന് അടുത്ത് തന്നെയായിരുന്നു. മുസൈലിമ കദ്ദാബും തന്റെ സുഹൃത്തുക്കളോടൊപ്പം ഈ തോട്ടത്തിലേക്ക് പോയി. (ബനൂ ഹനീഫ) തോട്ടത്തിന്റെ കവാടങ്ങൾ അടച്ചു. സ്വഹാബാക്കൾ നാലുഭാഗത്തുനിന്നും തോട്ടത്തെ വളഞ്ഞു. മുസ്‌ലിംകൾ എങ്ങിനെയെങ്കിലും തോട്ടത്തിനകത്തേക്ക് പ്രവേശിക്കാൻ വഴി അന്വേഷിച്ച് തുടങ്ങി. എന്നാലത് കോട്ടപോലെയുള്ള തോട്ടമായിരുന്നതിനാൽ അന്വേഷണം നടത്തിയെങ്കിലും അകത്തേക്ക് കടക്കാനുള്ള ഒരു സ്ഥലവും കണ്ടില്ല. അവസാനം ഹദ്റത് അനസ് ബിൻ മാലികിന്റെ സഹോദരൻ ഹദ്റത് ബറാഅ് ബിൻ മാലിക് പറഞ്ഞു: മുസ്‌ലിംകളെ, ഇനി ഒരു വഴി മാത്രമേ ഉള്ളു; നിങ്ങളെന്നെ എടുത്ത് തോട്ടത്തിനകത്തേക്ക് എറിയുക; ഞാൻ അകത്ത് പോയി കവാടം തുറക്കാം. പക്ഷെ മുസ്‌ലിംകൾക്ക് അവരുടെ ഉന്നതനായ ഒരു സുഹൃത്ത് ആയിരക്കണക്കിന് ശത്രുക്കൾക്കിടയിൽ തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നത് അവർക്ക് ഇഷ്ടമായില്ല. അവർ അങ്ങനെ ചെയ്യാൻ വിസമ്മതിച്ചു. എന്നാൽ ഹദ്റത് ബറാഅ് ബിൻ മാലിക് ശാഠ്യം പിടിക്കാൻ തുടങ്ങി; അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ, നിങ്ങൾ എന്നെ തോട്ടത്തിൽ കവാടത്തിനടുത്തേക്ക് എറിയുക. അവസാനം നിർബന്ധിതരായ മുസ്‌ലിംകൾ അദ്ദേഹത്തെ മതിലിനു മുകളിലേക്ക് കയറ്റി. മതിലിനു മുകളിൽ കയറിയ ഹദ്റത് ബറാഅ് ബിൻ മാലിക് ശത്രുക്കളുടെ എണ്ണം കണ്ടപ്പോൾ ഒരു നിമിഷം നിന്നുപോയി. എന്നാൽ തുടർന്ന് അല്ലാഹുവിന്റെ പേരുച്ചരിച്ച് തോട്ടത്തിന്റെ വാതിലിന്റെ മുന്നിലേക്ക് കുതിച്ചു ചാടി. ശത്രുക്കളെ നേരിടുകയും വധിക്കുകയും ചെയ്തു കൊണ്ട് കവാടത്തിനടുത്തേക്ക് നീങ്ങി. അവസാനം കവാടത്തിനടുത്ത് എത്തുന്നതിൽ അദ്ദേഹം വിജയിച്ചു. തോട്ടത്തിന്റെ വാതിൽ തുറന്നു. പുറത്ത് വാതിൽ തുറക്കുന്നതും കാത്ത് നിൽക്കുകയായിരുന്ന മുസ്‌ലിംകൾ, വാതിൽ തുറന്നതും തോട്ടത്തിൽ പ്രവേശിച്ച് ശത്രുക്കളെ വധിക്കാൻ തുടങ്ങി. ആയിരക്കണക്കിന് ആളുകൾ മുസ്‌ലിംകളുടെ കൈകളാൽ കൊലചെയ്യപ്പെട്ടു. മുസ്‌ലിംകൾ മുർതദ്ദീങ്ങളെ കോല ചെയ്തുകൊണ്ട് മുസൈലിമ കദ്ദാബിന്റെ അടുത്ത് വരെയെത്തി. ഉഹദ് യുദ്ധത്തിൽ ഹദ്റത് ഹംസ(റ) നെ ശഹീദാക്കിയ, വഹ്ശി ബിൻ ഹർബ്, മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് മുന്നോട്ടു കുതിച്ചു. അദ്ദേഹം ഹദ്റത് ഹംസ(റ)യെ ശഹീദാകിയ അതേ കുന്തം മുസൈലിമയുടെ നേർക്ക് എറിഞ്ഞു. അയാൾക്കുമേൽ അത് തറച്ചു ശരീരത്തെ കടന്നുപോയി. ഉടൻ തന്നെ അബുദുജാന അയാളുടെ നേരെ കുതിച്ചു, അയാൾക്ക് മേൽ വാൾപ്രയോഗം നടത്തി. അയാൾ ഭൂമിയിലേക്ക് പതിച്ചു.

ഇതേ യമാമ യുദ്ധത്തിന്റെ വിശദീകരണം മറ്റൊരു സ്ഥലത്ത് ഇങ്ങനെ കാണാം. അതിൽ മുസ്‌ലിംകളുടെ ധൈര്യത്തേയും ആർജ്ജവത്തെയും പരാമർശിച്ച്കൊണ്ട് പറയുന്നു: രണ്ടു കൂട്ടർക്കുമിടയിൽ ശക്തമായ യുദ്ധമുണ്ടായി; രണ്ടു വിഭാഗക്കാരുടെയും നിരവധി ആളുകൾ കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്തു. മുസ്‌ലിംകളിൽനിന്ന് ഏറ്റവുമാദ്യം മാലിക് ബിൻ ഉവൈസാണ് ശഹീദായത്. മുസ്‌ലിംകളിൽ നിരവധി ഖുർആൻ ഹാഫിസുമാരും ശഹീദായി. രണ്ടു സൈന്യങ്ങൾക്കുമിടയിൽ അതിശക്തമായ പോരാട്ടം നടന്നു. മുസ്‌ലിംകൾ മുസൈലിമയുടെ സൈന്യത്തിലും മുസൈലിമയുടെ സൈന്യം മുസ്‌ലിംകളുടെ സൈന്യത്തിലും ഇടകലരുകയുണ്ടായി. സാലിം മൗലാ അബുഹുദൈഫ തന്റെ പകുതി കണങ്കാൽ വരെ കുഴിയെടുത്തിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ മുഹാജിഹിരീങ്ങളുടെ പതാകയാണ് ഉണ്ടായിരുന്നത്. അൻസാരീങ്ങളുടെ പതാകയുണ്ടായിരുന്ന സാബിത്തും അതെ രീതിയിൽ തനിക്കുവേണ്ടി കുഴി എടുത്തിരുന്നു. പിന്നെ അവർ രണ്ടുപേരും തങ്ങളുടെ കൊടികൾ ചേർത്തു പിടിച്ചു. അങ്ങനെ സാലിമും അബുഹുദൈഫയും ശഹീദായി. അബു ഹുദൈഫ(റ)ന്റെ ശിരസ്സ് സാലിമിന്റെ കാൽക്കീഴിലും സാലിം(റ)ന്റെ ശിരസ്സ് അബുഹുദൈഫയുടെ കാൽക്കീഴിലുമായിരുന്നു. സാലിം ശഹീദായപ്പോൾ പതാക കുറച്ച് സമയം അങ്ങനെ തന്നെ നിലത്ത് കിടന്നു. പിന്നീട് ബദ്‌രി സ്വഹാബിയായ യസീദ് ബിൻ ഖൈസ് മുന്നോട്ട് വന്ന് ആ പതാകയെടുത്തു; അങ്ങനെ അദ്ദേഹവും ശഹീദായി. ശേഷം ഹക്കം ബിൻ സയീദ് ബിൻ ആസ് പതാകയേറ്റെടുത്തു. അതിന്റെ സംരക്ഷണത്തിന് പകൽ മുഴുവൻ യുദ്ധം ചെയ്തു. തുടർന്ന് അദ്ദേഹവും ശഹീദായി. വഹ്ശി പറയുന്നു: ശക്തമായ പോരാട്ടമാണ് നടന്നത്. മൂന്നു തവണ മുസ്‌ലിംകൾക്ക് അടി പതറി. നാലാമത്തെ തവണ മുസ്‌ലിംകൾ തിരിച്ച് യുദ്ധം ചെയ്തു. അവരുടെ പാദങ്ങൾ ഉറച്ച് നിന്നു. അവർ വാളുകൾക്ക് മുന്നിൽ ഉറച്ച് നിൽകുകയുണ്ടായി. അല്ലാഹു ഞങ്ങൾക്കുമേൽ അനുഗ്രഹം ചൊരിഞ്ഞു കൊണ്ട് ബനൂഹനീഫയെ പരാജയപ്പെടുത്തുകയും മുസൈലിമയെ കൊല്ലുകയും ചെയ്തു. അദ്ദേഹം പറയുന്നു: ഞാൻ ആ ദിവസം എന്റെ വാൾ നല്ലപോലെ ഉപയോഗിക്കുകയുണ്ടായി. അന്ന് കയ്യിലുണ്ടായിരുന്ന വാളിന്റെ കൈപ്പിടിയിൽ രക്തം നിറഞ്ഞു. ഹദ്റത് ഇബ്നു ഉമർ(റ) പറയുന്നു: ഞാൻ, ഹദ്റത് അമ്മാർ ഒരു കുന്നിൽ കയറി ഇങ്ങനെ വിളിച്ച് പറയുന്നതായി കേട്ടു.

മുസ്‌ലിംകളുടെ സമൂഹമേ, നിങ്ങൾ സ്വർഗത്തിൽനിന്ന് ഓടിപ്പോവുകയാണോ? ഞാൻ അമ്മാർ ബിൻ യാസിർ ആകുന്നു. എന്റെ അടുത്തേക്ക് വരുവിൻ. നിവേദകൻ പറയുന്നു: അദ്ദേഹത്തിന്റെ കാത് മുറിഞ്ഞു തൂങ്ങുന്നതായി ഞാൻ കണ്ടിരുന്നു. അബുഖൈസമ നജ്ജാരി പറയുന്നു: മുസ്‌ലിംകൾ യമാമ യുദ്ധ ദിവസം ചിതരിപ്പിരിഞ്ഞപ്പോൾ ഞാൻ ഒരു ഭാഗത്തേക്കു മാറി. എന്റെ മുന്നിൽ ഒരു ദൃശ്യത്തിൽ ഞാൻ ഹദ്റത് അബൂദുജാനയെ കണ്ടുകൊണ്ടിരിക്കുന്നു. അബൂദജാനയുടെമേൽ ബനൂഹനീഫയുടെ സംഘം ആക്രമിച്ചപ്പോൾ അദ്ദേഹം തന്റെ മുമ്പിലും ഇടത്തും വലത്തുമെല്ലാം വാൾ പ്രയോഗിക്കുകയുണ്ടായി.

ഹുസൂർ പറഞ്ഞു: ഈ സമയത്ത് പാകിസ്ഥാന്‌വേണ്ടി ദുആക്ക്  പറയാനാഗ്രഹിക്കുന്നു. അവസ്ഥകൾ പൊതുവിൽ അസ്വസ്ഥമാകുന്നു. പാകിസ്താനിലെ അഹ്മദികളുടെ ഭാഗത്ത്നിന്നും ഇത്തരം അവസ്ഥയിൽ ശ്രദ്ധ ഉണ്ടാകാറുണ്ട്. എതിർപ്പ് വർധിച്ചുകൊണ്ടിരിക്കുന്നു. പഴയ ഖബറുകൾ മാന്താൻ പോലും അവർ മടിക്കുന്നില്ല. വളരെ മോശമായ ജനങ്ങളാണ്. അല്ലാഹു തന്നെ അവരെ പിടികൂടട്ടെ. അതെപോലെ അൾജീരിയയിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. ഇപ്പോൾ അവരും വളരെ പ്രയാസത്തിലാണ്. അഫ്ഗാനിസ്ഥാനിൽ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്ക്മേലും തന്റെ അനുഗ്രഹം വർഷിക്കുമാറാകട്ടെ.

ഈ സമയത്ത് ഞാൻ ചില മർഹൂമീങ്ങളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. തുടർന്ന് അവരുടെ ജനാസയും നമസ്കരിക്കുന്നതാണ്. ഇതിൽ ആദ്യത്തെ അനുസ്മരണം ജനാബ് നസീം മഹ്ദി സാഹിബ് മുബല്ലിഗ് സിൽസിലയെ കുറിച്ചുള്ളതാണ്. കഴിഞ്ഞ ദിവസം 79 ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹ്... 1976 ലാണ് ഇദ്ദേഹം ജാമിഅഃ അഹ്മദിയ്യ റബ്‌വയിൽ നിന്ന് പാസ്സായത്. 83 ൽ സ്വിട്സർലാന്റിൽ മുബല്ലിഗായി അയക്കുകയുണ്ടായി. 84 ൽ നായിബ് വക്കീൽ തബ്ശീർ ആയി നിയമിതനായി. 84 ഡിസംബറിൽ ഇവിടെ ലണ്ടനിൽ വന്നു പ്രൈവറ്റ് സെക്രട്ടറി ആയും സേവനം ചെയ്യുകയുണ്ടായി. 85 മുതൽ 2008 വരെ മുബല്ലിഗ് ആയും. തുടർന്ന് കാനഡ മുബല്ലിഗ് ഇൻചാർജ് ആയും സേവനം ചെയ്തിട്ടുണ്ട്. ഈ കാലത്ത് അദ്ദേഹം കാനഡയുടെ അമീറും ആയിരുന്നു. 2009 മുതൽ 2016 വരെ അമേരിക്കയിൽ ഇൻചാർജ് മുബല്ലിഗായും സേവനം ചെയ്തിട്ടുണ്ട്. 1986 ൽ ബൈത്തുൽ ഇസ്‌ലാം മിഷൻ ഹൗസിനുവേണ്ടി 24 ഏക്കർ സ്ഥലം വാങ്ങിച്ചിരുന്നു. പിന്നെ അതിനെ അവിടെ ജനവാസമുള്ളതുമാക്കി. അദ്ദേഹത്തിന്റെ കാലത്ത് നിരവധി അഹ്മദികൾ കാനഡയിൽ വന്നു താമസമാക്കി. അദ്ദേഹം അവരെ ഒരു പാട് സഹായിച്ചിട്ടുമുണ്ട്. ടൊറന്റോയിലും കാൽഗിരിയിലും രണ്ടു വലിയ മസ്ജിദുകൾ നിർമിച്ചു. നിരവധി ജമാഅത്തുകളിൽ സെന്ററുകളും സ്ഥാപിച്ചു. എന്റെ അഭിപ്രായത്തിൽ ഒരു പക്ഷെ വാൻകൂവറിൽ ഉള്ള മസ്ജിദും ഇദ്ദേഹത്തിന്റെ കാലത്ത് തന്നെ ആണ് ഉണ്ടാക്കിയത്. ഏതായാലും ഇത് രണ്ടും വലിയ പള്ളികളാണ് 2003 ൽ അദ്ദേഹത്തിന്റെ കാലത്തു തന്നെയാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡയിലെ ജാമിഅ അഹ്മദിയ്യ തുടങ്ങിയത്. നോർത്ത് അമേരിക്ക സ്റ്റേഷൻ സ്ഥാപിക്കുന്നതിനും അദ്ദേഹത്തിന് വലിയ പങ്കുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ എല്ലാ സേവനങ്ങളും സ്വീകരിക്കുമാറാകട്ടെ.

നസീം മഹ്ദി സാഹിബിന് ഓർഡർ ഓഫ് ontariyo യുടെ ബഹുമതി 2009 ൽ കിട്ടി. ഈ അവാർഡ് ഏതെങ്കിലും രംഗത്ത് വിജയത്തിനും ഉയർന്ന സേവനത്തിനുമാണ് നൽകപ്പെടുന്നത്.

ഖലീഫത്തുൽ മസീഹ് സാലിസ് ജൽസ സാലാനയുടെ അവസരത്തിൽ തന്റെ പ്രസംഗത്തിൽ സ്വിട്സർലാൻഡിലെ മിഷനിലെ പ്രവർത്തനങ്ങൾ ജമാഅത്തിനെ പരിചയപ്പെടുത്തികൊണ്ടുള്ള മഹ്ദി സാഹിബിന്റെ പ്രവർത്തനങ്ങളെ പരാമർശിച്ച്കൊണ്ട് പറഞ്ഞു: അല്ലാഹു അദ്ദേഹത്തിനു തക്കതായ പ്രതിഫലം നൽകട്ടെ. എന്നോട് അഭിപ്രായം തേടിയതിനുശേഷം  സ്വിട്സർലാൻഡിലെ കുന്നിൻപ്രദേശത്തുള്ള മുഴുവൻ വീടുകളിലും 8000 ഫോൾഡറുകൾ എത്തിക്കുക യുണ്ടായി.

തുടർന്ന് മുഹമ്മദ് അഹ്മദ് ശാരിം റബ്‌വയേയും മർഹൂം റശീദ് അഹ്മദ് സാഹിബിന്റെ ഭാര്യ സലീമ ഖമർ സാഹിബയേയും അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 03.06.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**